(ബി) ഇല്ലെങ്കിൽ കഠിനംകുളം, അണ്ടൂർക്കോണം പഞ്ചായത്തുകളിൽ സർക്കാർ ഹൈസ്കൂളുകളും ഇല്ലാത്തതിനാൽ കണിയാപുരം യു. പി. എസ്. നെ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിൽ സ്കൂളുകളും അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ നയപരമായ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

ഒരേ പേരിൽ പ്രവർത്തിക്കുന്ന സർക്കാർ വിദ്യാലയം

75 [2384] ശ്രീ. പി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരേ പഞ്ചായത്തിൽ ഒരേ പേരിൽ രണ്ട് വാർഡുകളിലായി ഏതെങ്കിലും സർക്കാർ വിദ്യാലയം പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) പാലക്കാട് ജില്ലയിൽ ലക്കിടി പേരൂർ പഞ്ചായത്തിൽ രണ്ട് സ്ഥലങ്ങളിലായി ഗവൺമെൻറ് എൽ. പി. സ്കൂൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒരു ഹെഡ്മാസ്റ്ററുടെ കീഴിൽ അഞ്ച് കിലോ മീറ്റർ അകലെ മറ്റൊരു വിദ്യാലയം പ്രവർത്തിക്കുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനെ സംബന്ധിച്ച് എന്തെങ്കിലും നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഇ) ഓരോ സ്കൂളും ഓരോ ഹെഡ്മാസ്റ്ററുടെ കീഴിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ഈ കാര്യം പരിശോധിക്കുന്നതാണ്.

അൺ-എയിഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

76 [2385] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അൺ-എയിഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാർ നൽകിയിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാം എന്ന് വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് വേണ്ട നിയമ നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇവർക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും നൽകുന്നുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വ്യവസ്ഥകൾ വിശദമാക്കുമോ;

(ഇ) ഈ ആനുകൂല്യങ്ങൾ നൽകാതിരിക്കുന്ന സ്ഥാപനങ്ങൾക്ക് എതിരെ നിയമ നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ & ബി) അംഗീകാരമുള്ള അൺ-എയിഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ 30-9-1999-ലെ ജി. ഒ. (എം. എസ്.) നം. 244/99/പൊ.വി.വ. പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ഇപ്രകാരമുള്ള പരാതികൾ ലഭിച്ചാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

പഞ്ചായത്ത് വക സ്കൂളുകളിലെ നിയമനവും താൽക്കാലിക അദ്ധ്യാപകരെ സ്ഥിരപ്പെടുത്തലും

77 [2386] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള സ്കൂളുകളിലെ അദ്ധ്യാപക നിയമനം പി. എസ്. സി.-ക്ക് വിട്ടുകൊണ്ടുള്ള നയപരമായ തീരുമാനം എന്നാണ് പുറപ്പെടുവിച്ചത്;

(ബി) ഇതിനനുസൃതമായി കെ. ഇ. ആറിൽ ഭേദഗതി വരുത്തിയത് ഏത് വർഷമാണ്;

(സി) ഈ കാലഘട്ടത്തിനിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി നിയമിക്കപ്പെട്ടവർക്ക് കെ. ഇ. ആറിലെ 51 എ അവകാശം കൊടുത്തിരുന്നോ;

(ഡി) ഇങ്ങനെ തുടരുന്നവരെ സ്ഥിരപ്പെടുത്താൻ ഗവൺമെന്റ് അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 6-10-1995-ലെ സർക്കാർ ഉത്തരവ് നം. 218/95/ത.ഭ.വ. പ്രകാരമാണ് പഞ്ചായത്ത് സ്കൂളുകളിലെ നിയമനം പി. എസ്. സി.-ക്ക് വിട്ടുകൊടുത്തത്.

(ബി) 3-4-2000-ലെ സർക്കാർ ഉത്തരവ് 110/2000 പ്രകാരം കെ.ഇ.ആറിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly